"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- അങ്കണവാടി ജീവനക്കാര്യം- പെരുങ്കടവിള ഐ സി ഡി എസ് പ്രൊജക്റ്റിലെ അങ്കണവാടി വർക്കർ ശ്രീമതി. രേണുക ആർ-ന് ഗർഭാശയം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് ഓണറേറിയത്തോടുകൂടിയ അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.292/2025/WCDD തീയതി,തിരുവനന്തപുരം, 22-06-2025

---

പരാമർശം:- 1. ശ്രീമതി. രേണുക ആർ, അങ്കണവാടി വർക്കർ, സെന്റർ നം. 43, മൂന്നാറ്റിൻമുക്ക്, ആര്യങ്കോട് ഗ്രാമപഞ്ചായത്ത് 22/05/2024-ൽ സമർപ്പിച്ച അപേക്ഷ

2. വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ കത്ത് നം. DWCD/1776/2023-ICDSB6, തീയതി. 07/10/2024

**ഉത്തരവ്**

പെരുങ്കടവിള അഡീഷണൽ ഐ സി ഡി എസ് പ്രൊജക്റ്റിലെ അങ്കണവാടി വർക്കറായ ശ്രീമതി. രേണുക ആർ-ന് ഗർഭാശയം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഓണറേറിയത്തോടുകൂടിയ അവധി അനുവദിക്കുന്നതിനായി അദ്ദേഹത്തിന്റെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ ശിപാർശചെയ്തുകൊണ്ട് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം വനിതാശിശുവികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പെരുങ്കടവിള അഡീഷണൽ ഐ സി ഡി എസ് പ്രൊജക്റ്റിലെ അങ്കണവാടി വർക്കറായ ശ്രീമതി. രേണുക ആർ-ന് ഗർഭാശയം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട്, മാനുഷിക പരിഗണനയും നിലവിലുള്ള നിയമാവലിയിൽ ഇളവും നൽകി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 10/04/2024 മുതൽ 30 ദിവസത്തെ ഓണറേറിയത്തോടുകൂടിയ പ്രത്യേക അവധി അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ M S**

അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാശിശുവികസന വകുപ്പ്, തിരുവനന്തപുരം
ശ്രീമതി. രേണുക ആർ, അങ്കണവാടി വർക്കർ, പെരുങ്കടവിള അഡീഷണൽ ഐ സി ഡി എസ് പ്രൊജക്റ്റ്, തിരുവനന്തപുരം (ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 24-06-2025 11:05:31

സെക്ഷൻ ഓഫീസർ